കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മേലില ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 11/1544/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി-16/09/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മേലില ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേലില ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത്‌രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം മേലില ഗ്രാമപഞ്ചായത്തിന്റെ 2016 – 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്നപ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ

15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി.11/1544/17 തീയതി:16/09/2017

## കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20-11-16 മുതൽ 31.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ: | ശ്രീ.ബിനുകുമാർ.ജി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 2-08-17 മുതൽ 09-08-17വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | |
| | ശ്രീമതി.ജി.സിന്ധു | ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.ഷീബാകൃഷ്ണൻ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ശ്രീരാജ്.വി.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ബിന്ദു നായർ | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.പ്രസാദ് | 1-04-16 മുതൽ 31-03-17 വരെ |
| സെക്രട്ടറി | ശ്രീമതി.റ്റി.ഉഷാകുമാരിഅമ്മ | 1-04-16 മുതൽ 31-3-17വരെ |
| | ശ്രീ.അനിൽകുമാർ.എസ്(അസി.സെക്രട്ടറി) അധികചുമതല | 28-3-17 മുതൽ 31-3-17 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | ശ്രീമതി.ഹസീന.എ | 01-04-16 മുതൽ 31-03-17 വരെ |
| വെറ്റിനറി സർജൻ | ഡോ.അജിത്.പി | 01-04-16മുതൽ 10-9-16 വരെ |
| | ഡോ.സുരേഷ് കുമാർ | 10-9-16 മുതൽ 31-03-17വരെ |
| കൃഷി ഓഫീസർ. | ശ്രീമതി.സംഗീത.എസ് | 01-04-16 മുതൽ 31-03-17 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സന്ധ്യ.റ്റി | 01-04-16 മുതൽ . 18-7-16 വരെ |
| വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | ശ്രീമതി.ജെൻസി മാത്യൂ | 19-7-16 മുതൽ 31-03-17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സിജി മജീദ് | 01-04-16 മുതൽ 31-03-17 വരെ |
| ഹോമിയോ മെഡിക്കൽഓഫീസർ | ഡോ.രജനി ഗോപാലകൃഷ്ണൻ | 1-04-16 മുതൽ 31-03-2017 വരെ |
| മെഡിക്കൽഓഫീസർ സി.എച്ച്.സി | ഡോ.എലിസബത്ത് | 1-04-16മുതൽ 31-03-17വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മൈക്കിൾ.സി | 1-4-16 മുതൽ 5-1-17 FNവരെ |
| | ശ്രീ.അനിൽകുമാർ.എസ് | 5-1-17മുതൽ 31-03-17വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല | 2-1 |

| | | |
|---|---|---|
| 13 | കെട്ടിടനികുതി പരിഷ്കരണം അപ്ഗ്രഡേഷൻ പൂർത്തിയായില്ല | 2-2 |
| | ഭാഗം 3 | |
| 14 | ഫണ്ടുകളുടെ വിനിയോഗത്തിൽ ഗുരുതരവീഴ്ച- 2,03,49,460/-ചെലവഴിക്കപ്പെട്ടിട്ടില്ല | 3-1 |
| 15 | പദ്ധതിനിർവ്വഹണത്തിൽ വീഴ്ച- സെക്രട്ടറിയുടേയും വെറ്റിനറി സർജന്റേയും ചെലവ് 16 % മാത്രം | 3-2 |
| 16 | നിർവ്വഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടുകളിൽ തുക അവശേഷിക്കുന്നു | 3-3 |
| 17 | അങ്കണവാടികളുടെ വൈദ്യുതീകരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-4 |
| 18 | തെരുവ് വിളക്ക് മെയിന്റനൻസ് - അപാകതകൾ | 3-5 |
| 19 | വികസനഫണ്ടിനത്തിൽ 28,13,583/- രൂപ ചെലവഴിക്കുവാൻ അവശേഷിക്കെ ശാരീരികമാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട സ്കോളർഷിപ്പ് നൽകിയില്ല | 3-6 |
| 20 | പദ്ധതിപ്രകാരം വകയിരുത്തിയ തുക ചെലവഴിക്കാതെ തനത് ഫണ്ടിൽനിന്നും തുക ചെലവഴിച്ചു | 3-7 |
| 21 | പദ്ധതിപ്രകാരം ചെലവഴിച്ച തുകയെക്കാൾ അധികം തനത്ഫണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്തു | 3-8 |
| 22 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവുതുക തടസ്സപ്പെടുത്തുന്നു | 3-9 |
| 23 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവുതുക തടസ്സപ്പെടുത്തുന്നു | 3-10 |

| | | |
|---|---|---|
| 24 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത കെട്ടിടത്തിൽ അംഗൻവാടി പ്രവർത്തിക്കുന്നു | 3-11 |
| 25 | പാലിയേറ്റീവ് കെയർപദ്ധതി- 3,61,480/-രൂപയുടെ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല | 3-12 |
| 26 | ആയുർവേദാശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ 58,325/-രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല | 3-13 |
| 27 | കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല 3,31,250/-രൂപയുടെ ചെലവ് തടസ്സം | 3-14 |
| 28 | ഭവനപുനരുദ്ധാരണം(വൃദ്ധർ)- വൃദ്ധർ ഗൃഹനാഥരല്ലാത്ത കുടുംബങ്ങൾക്കും ആനുകൂല്യം നൽകി | 3-15 |
| 29 | പദ്ധതി വകയിരുത്തലിൽനിന്ന് നാമമാത്ര തുകമാത്രം ചെലവഴിച്ചു | 3-16 |
| 30 | പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല - ചെലവുതുക തടസ്സപ്പെടുത്തുന്നു | 3-17 |
| 31 | അംഗൻവാടി നം.92(മണിയാംകുഴി)-മെയിന്റനൻസ്- വാങ്ങി നൽകാത്ത ഗ്യാസ് സ്റ്റൌവിന്റെ വ്യാജബിൽ ഹാജരാക്കി തുക കൈപ്പറ്റി | 3-18 |
| 32 | മേലില വെസ്റ്റ് വാർഡിലെ കാരയ്ക്കോട് ഭാഗം പെരുവണ്ണൂർ ഏലാ റോഡ് പുനരുദ്ധാരണത്തിലെ അപാകത | 3-19 |
| 33 | റോഡ് നിർമ്മാണ പ്രവൃത്തികൾ മെറ്റലിംഗിൽ മാത്രം ഒതുക്കി. | 3-20 |
| 34 | ജലസുഭിക്ഷ പദ്ധതി-കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്ത് പദ്ധതി നടപ്പാക്കുന്നതിന് ശുഷ്കാന്തി കാണിച്ചിട്ടില്ല | 3-21 |

| | | |
|---|---|---|
| | ഭാഗം 4 | |
| 35 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത ഓഡിറ്റ്റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 44 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 27-03-17 -ലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-17 | 14-07-17 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 3-08-17 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

(1) എൻ.അർ.ഇ.ജി.എ വരവ് രജിസ്റ്റർപ്രകാരം 2,07,82,041 രൂപയും, എ.എഫ്.എസ് പ്രകാരം 2,07,66,389 രൂപയുമാണ്. കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

(2) ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിലെ യഥാർത്ഥവരവ് 3,01,582 രൂപയാണ്. എന്നാൽ വരവ് വന്ന തുക 2,98,132 രൂപയാണ്.

(3) സ്ലാട്ടർഹൗസ് വരവ് മാർക്കറ്റ് വരവായി കണക്കാക്കി 431400105 എന്ന ഹെഡിൽ വരവ് വച്ചിരിക്കുന്നു.

(4) ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ മറ്റ് നിക്ഷേപം (340109901) 29,000/- രൂപ നീക്കിയിരിപ്പ് കാണുന്നു. എന്നാൽ രേഖകൾ പ്രകാരം നീക്കിയിരിപ്പില്ല.

(5) ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ശുചിത്വമിഷൻ ഫണ്ട് 10,000/- രൂപ നീക്കിയിരിപ്പായി നിലനിർത്തിയിരിക്കുന്നു.

(5)ഇൻഡ്യൻ ബാങ്ക് പെൻഷൻ അക്കൗണ്ടിൽ 38,869/- രൂപ നീക്കിയിരിപ്പ് കാണുന്നു.

ആയത് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

(6)പെർമനന്റ് അഡ്വാൻസിൽ 700/- രൂപ നീക്കിയിരിപ്പ് കാണിക്കുന്നു.

(7)ആസ്തി രജിസ്റ്റർ കാലികമല്ല.

(8)ബഡ്ജറ്റ് ഫങ്ഷൻ, ഫങ്ഷനറിയുടെ അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിരിക്കുന്നത്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 80,67,708 |
| വരവ് | 3,77,68,215 |
| ആകെ | 4,58,35,923 |
| ചെലവ് | 3,48,81,375 |
| നീക്കിയിരിപ്പ് | 1,09,54,548 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 7944397 | 7944397 | 7944397 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | - | 2639237 | 2639237 | 2639237 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | | 26892 | 26892 | 26892 | -- | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 2085888 | 2085888 | 2085888 | - | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 1494050 | 1494050 | 1494050 | - | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 3392030 | 3392030 | 3392030 | - | 100 |
| പെർഫോമൻസ് ഗ്രാന്റ് | - | | - | - | - | - |
| എം.എൻ.ആർ.ഇ. ജി.എസ്. | 5289 | 20782041 | 20787330 | 20770674 | 16656 | |
| ബി ഫണ്ട് | - | 3,05,62,595 | 3,05,62,595 | 3,05,62,595 | - | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ്വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 134 | 45760265 | 65 | 19712341 | 68 | 1 | 43.07 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനതുവരുമാനത്തിൽ ഉണ്ടായ വർദ്ധനവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2414864 | 2551772 | 136908 | 5 |
| നികുതിയേതര വരവുകൾ | 562465 | 1185732 | 623267 | 110 |
| മറ്റുവരവുകൾ | 6833272 | 7565467 | 732195 | 10.71 |
| ആകെ | 9810601 | 11302971 | 1492370 | 15 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,18,000 | 185 |
| കർഷകതൊഴിലാളി പെൻഷൻ | 19,31,090 | 212 |
| വിധവാപെൻഷൻ | 1,21,22,610 | 1145 |
| വാർദ്ധക്യകാലപെൻഷൻ | 1,25,37,590 | 1672 |
| വികലാംഗപെൻഷൻ | 32,55,085 | 324 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1,20,000 | 4 |
| അവിവാഹിതരായ 50വയസ്സിന് മുകളിലുള്ളവരുടെ പെൻഷൻ | 2,78,220 | 30 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4-08-17-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,763/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട്ഓഫീസ്സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നു. ക്യാഷ് ബുക്ക്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ യഥാവിധി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തെരുവുവിളക്കുകളുടെയും സ്ട്രീറ്റ് ടാപ്പുകളുടേയും എണ്ണം, തരം എന്നിവ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-07-2017 | 6/2017 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2-07-04മുതൽ 17-07-04വരെ | 97-98മുതൽ 2003-04വരെ | 9-11-04 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

2016-17വർഷത്തെ തൊഴിൽനികുതി പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1. | ബി എസ് എൻ എൽ , വെട്ടിക്കവല | I , II |
| 2. | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, ചെങ്ങമനാട് | I , II |

ഇത് സംബന്ധിച്ച് എൻക്വയറി(നം.2/4-8-2017) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കി പഞ്ചായത്തുഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-2 കെട്ടിട നികുതി പരിഷ്കരണവും, നികുതി അസ്സസ് ചെയ്യലും -സഞ്ചയ സോഫ്റ്റ്വെയറിലെ അപാകത

(എ) 2016-17 കെട്ടിടനികുതി പരിഷ്കരണവും, നികുതി അസ്സസ്മെന്റും സഞ്ചയ സോഫ്റ്റ് വെയറുമായി പരിശോധിച്ചപ്പോൾ കണ്ട അപാകത താഴെ ചേർക്കുന്നു.

1) 2016-17 വർഷം അസ്സസ് ചെയ്ത കെട്ടിടങ്ങൾ ഡിമാന്റ് ചെയ്തിട്ടില്ല.

2016-17 വർഷത്തിൽ പുതുതായി അസ്സസ് ചെയ്ത ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്വെയർ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം. | വാർഡ് /കെട്ടിടം നം. | ഉടമയുടെ പേര് |
|---|---|---|

| | | |
|---|---|---|
| 1 | I/579 | ശ്രീ.ബാബു മാത്യൂ |
| 2 | I/580 | ശ്രീ.റജി പൊടിയൻ |
| 3 | I/588 | ശ്രീ.തോമസ് കുഞ്ഞ് |
| 4 | II/665 | ശ്രീ.പത്മകുമാർ എ. |
| 5 | IV/493 | ശ്രീമതി.തങ്കമണി |
| 6 | VI/438 | ശ്രീ.ഷംസുദ്ദീൻ കുഞ്ഞ് |
| 7 | IX/482 | ശ്രീ.സജീവ് /കവീതമോൾ |
| 8 | X/510 | ശ്രീ.ഉണ്ണികൃഷ്ണൻ/ദീപ്തി |
| 9 | XII/566 | ശ്രീ.ബിജു മത്തായി |
| 10 | XII/570 | ശ്രീ.ബേബി കുട്ടി |

അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2) നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം അസസ് ചെയ്തു കാണുന്നു

സർക്കാർ ഉത്തരവ് 144/2015 തസ്വഭവ തീയതി 27-4-15 പ്രകാരം 60 $m^2$ താഴെയുള്ള കെട്ടിടങ്ങൾ നികുതി ഒടുക്കുന്നതിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. എന്നാൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾ നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തതായി കാണുന്നു.

| ക്രമ നം. | വാർഡ് /കെട്ടിടം നം. | വിസ്തീർണം | ഉടമസ്ഥൻ | അസ്സസ് ചെയ്ത നികുതി |
|---|---|---|---|---|
| 1 | III/614 | $58m^2$ | ശ്രീ.രാജൻ/അമ്പിക | 180+10 |
| 2 | III/617 | $52.50m^2$ | ശ്രീമതി.ഗീത | 189+10 |
| 3 | III/626 | $59m^2$ | ശ്രീ.സുകു എം | 189+10 |
| 4 | V/478 | $48.51m^2$ | ശ്രീമതി.വസന്ത കുമാരി | 117+6 |
| 5 | XI/692 | $10.67m^2$ | ശ്രീ.പി. ഡി ബേബി | 97+6 |

ഇപ്രകാരം കെട്ടിട നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ നിർണ്ണയിച്ച നികുതി ഡിമാന്റിൽ

നിന്ന് ഒഴിവാക്കി അപാകത പരിഹരിക്കേണ്ടതാണ്.

3) നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

അസ്സസ്മെന്റ് പ്രകാരം നികുതി ഒഴിവാക്കിയ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് പൂർണമായി ഒഴിവാക്കിയതായി ഡിമാന്റ് പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് /കെട്ടിടം നം. | വിസ്തീർണം | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | IV/488 | $20m^2$ | ശ്രീമതി. മറിയ |
| 2 | IV/491 | $39.69m^2$ | ശ്രീ.ജോസ് മോൻ |
| 3 | VI/432 | $60m^2$ | ശ്രീമതി.നിർമല |
| 4 | VI/439 | $35.03m^2$ | ശ്രീ.എം.സി തോമസ് |
| 5 | VII/544 | $58.38m^2$ | ശ്രീമതി.ഉഷാകുമാരി |

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

(ബി) വസ്തു നികുതി കമ്പ്യൂട്ടർവൽകരണം

വസ്തുനികുതി കമ്പ്യൂട്ടർവൽകരണത്തിന്റെ ഭാഗമായി സാംഖ്യ-സഞ്ചയ സംയോജനം പൂർത്തീകരിച്ചിട്ടുണ്ട്.എന്നാൽ ചില അപാകതകൾ പരിഹരിക്കാനുമുണ്ട്. മേലില ഗ്രാമ പഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡിമാന്റ് ഭാഗത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രഷൻ പൂർത്തികരിക്കുകയും, E- payment സംവിധാനം ആക്ടിവേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഡാറ്റാ എൻട്രി പൂർത്തിയായപ്പോൾ അസ്സസ്ചെയ്ത ചില കെട്ടിടങ്ങൾ Form-6 ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഡിമാന്റിൽ ഉൾപ്പെട്ടുവന്നിട്ടില്ല. ഓരോ വിഭാഗത്തിലുംപെട്ട കെട്ടിടങ്ങളെ തരംതിരിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സഞ്ചയയിൽ 2013-14 വരെ കുടിശികയായി നിൽക്കുന്ന അരിയർ ഡിമാന്റ് 2013-14 ഡി.സി.ബി എടുക്കുമ്പോൾ ജനറേറ്റ് ചെയ്യുവാൻ കഴിയുന്നുണ്ട്. സഞ്ചയ ഡാറ്റാഎൻട്രി ആരംഭിച്ചതിനുശേഷം മാനുവലായി നടത്തിട്ടുള്ള ownership change, tax revision മുതലായവ സഞ്ചയയിലും അപ്ഡേറ്റ് ആയിട്ടുണ്ട്. വിമുക്തഭടൻമാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാൻമാർ/ജവാൻമാരുടെ വിധവകൾ എന്നിവരുടെ നികുതി ഒഴിവ് ഓരോ വർഷവും എപ്രിൽ മാസത്തിൽ അപേക്ഷ സ്വീകരിച്ച് ഒഴിവാക്കുന്നുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകതകൾ പരിഹരിച്ച് സോഫ്റ്റ്‌വെയർ അപ്ഗ്രേഡ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഫണ്ടുകളുടെ വിനിയോഗത്തിൽ ഗുരുതരവീഴ്ച-

**2,03,49,460/-**ചെലവഴിക്കപ്പെട്ടിട്ടില്ല

വികസനപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിന് വിവിധ ഗ്രാന്റിനങ്ങളിൽ സംസ്ഥാന ബജറ്റ്വിഹിതമായി തൻവർഷം അനുവദിച്ച് നല്കിയ 2,03,49,460/-രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല. സാമൂഹികനീതിയും സാമ്പത്തികവികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്കായി സർക്കാർ ഗ്രാമപഞ്ചായത്തിന് തൻവർഷം അനുവദിച്ച് നൽകിയ ഗ്രാന്റുകളുടെയും ഫണ്ടുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള തുക | ചെലവ് തുക | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 10757981 | 10757981 | 7944397 | 73.8 | 2813584 |
| വികസനഫണ്ട്(എസ്.സി.പി) | 5865480 | 5865480 | 2639237 | 44.9 | 3226243 |
| വികസനഫണ്ട്(റ്റി.എസ്.പി) | 27000 | 26892 | 26892 | 0 | 26892 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് | 6032831 | 6032831 | 3392030 | 56.22 | 2640801 |
| ലോകബാങ്ക് ധനസഹായം | 3159478 | 3159478 | 0 | 0 | 3159478 |
| സംരക്ഷ ണ ഗ്രാന്റ്(നോൺ-റോഡ്) | 2887311 | 2887311 | 1494050 | 51.7 | 1393261 |
| സംരക്ഷ ണ ഗ്രാന്റ്(റോഡ്) | 9175089 | 9175089 | 2085888 | 77.26 | 7089201 |
| ആകെ | | | | | 2,03,49,460/- |

സർക്കാരിൽനിന്ന് ലഭിക്കുന്ന ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകുംവിധത്തിൽ വാർഷികപദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ മൂലമാണ് 2,03,49,460/-രൂപ ചെലവഴിക്കാൻ കഴിയാതെവന്നത്.മേൽ അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം.8/8.8.17ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച- സെക്രട്ടറിയുടേയും വെറ്ററിനറി സർജന്റേയും ചെലവ് 16ശതമാനം

പദ്ധതി നിർവ്വഹണത്തിൽ ഉദ്യോഗസ്ഥരുടെ ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | | വകയിരുത്തിയ തുക | ചെലവഴിച്ചതുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| | ഏറ്റെടുത്തത് | നടപ്പാക്കിയത് | | | |
| സെക്രട്ടറി | 28 | 21 | 7211302 | 1198202 | 16.6 |
| അസി.എഞ്ചിനീയർ | 74 | 22 | 19396743 | 4066317 | 20.96 |
| അസി.സെക്രട്ടറി | 8 | 4 | 3915000 | 1615000 | 41.25 |
| കൃഷിഓഫീസർ | 4 | 4 | 2240070 | 1198202 | 53.48 |
| വെറ്ററിനറി സർജൻ | 5 | 3 | 3185000 | 534050 | 16.76 |
| മെഡിക്കൽ ഓഫീസർ | 2 | 2 | 950000 | 924283 | 97.29 |

| | | | | | |
|---|---|---|---|---|---|
| (അലോപ്പതി) | | | | | |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| വി.ഇ.ഒ | 8 | 6 | 5401560 | 3488200 | 64.57 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 3360590 | 3296013 | 98 |

9 നിർവ്വഹണ ഉദ്യോഗസ്ഥരിൽ 4 പേർ 50% ൽ താഴെയാണ് ചെലവു വരുത്തിയിട്ടുള്ളത്. ഏറ്റെടുത്ത പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 പദ്ധതി നിർവ്വഹണത്തിനായി നിർവ്വഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടുകളിൽ തുക അവശേഷിക്കുന്നു

| നിർവഹണോദ്യോഗസ്ഥർ | അക്കൗണ്ട് വിശദാംശം | ബാലൻസ് |
|---|---|---|
| സെക്രട്ടറി | 115501000003486 IOBവെട്ടിക്കവല | 3,77,180(05/2017) |
| അസി.സെക്രട്ടറി | 115501000045750 IOBവെട്ടിക്കവല | 5,876(08/2017) |
| കൃഷിഓഫീസർ | 115501000003492 IOBവെട്ടിക്കവല | 1,17,539(08/2017) |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 115501000003487 IOBവെട്ടിക്കവല | 5,857(08/2017) |
| വി.ഇ.ഒ | 933378641 ഇൻഡ്യൻബാങ്ക് ചെങ്ങമനാട് | 158(08/2017) |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 6069758495 ഇൻഡ്യൻബാങ്ക് ചെങ്ങമനാട് | 5,876(08/2017) |
| അസി.എഞ്ചിനീയർ | 821394682 ഇൻഡ്യൻബാങ്ക് ചെങ്ങമനാട് | 278(02/2017) |

ബാലൻസ് നിൽക്കുന്ന തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 അങ്കണവാടികളുടെ വൈദ്യുതീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പദ്ധതിയുടെ പേര്-മേലില പഞ്ചായത്തിലെ വിവിധ അംഗനവാടികളുടെ വൈദ്യുതീകരണം

പദ്ധതി നം.SO117/17

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മേലില ഗ്രാമപഞ്ചായത്തിലെ അങ്കണവാടി നം.77,79,80,87,89,94,95,98 (8 അങ്കണവാടികൾ) എന്നിവയുടെ വയറിംഗിനും വൈദ്യുതീകരണം പൂർത്തീകരിച്ചവയ്ക്ക് കണക്ഷൻ നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. അംഗൻവാടി നം. 80,87,89,95,98 എന്നിവയുടെ വയറിംഗ് നിർവ്വഹിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം 2,00,000/-രൂപയും, അംഗൻവാടി നം.75,77,78,79 എന്നിവയുടെ വയറിംഗ് നിർവ്വഹിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം 1,41,579/- രൂപയും കണക്കാക്കി ടെണ്ടർ ക്ഷണിച്ചു. ആയതുപ്രകാരം ശ്രീ.എൻ.ശിവപ്രസാദ് എന്ന വ്യക്തിക്ക് കരാർനൽകുകയും, അംഗൻവാടി നം.75,77,78,79,80,87,89,95,98 എന്നിവയുടെ ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തീകരിച്ചതായുള്ള പാനൽ എൻജിനീയറുടെ പൂർത്തീകരണസർട്ടിഫിക്കറ്റിന്റെ (നം,തീയതി ഇവ രേഖപ്പെടുത്തിയിട്ടില്ല.) അടിസ്ഥാനത്തിൽ കരാറുകാരന് 3,11,036/-രൂപ (ബിൽ നം.35/16-17/31.03.2017) നൽകുകയും ചെയ്തു. പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(1)<u>സാഹചര്യങ്ങൾക്കും ആവശ്യകതയ്ക്കും ഉതകുന്നതരത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.</u>

അങ്കണവാടി നം.80,87,89,95,98 എന്നിവയുടെ വയറിംഗ് നിർവ്വഹിക്കുന്നതിന് എസ്റ്റിമേറ്റ്പ്രകാരം 2,00,000/-രൂപയും, അങ്കണവാടി നം.75,77,78,79 എന്നിവയുടെ വയറിംഗ് നിർവ്വഹിക്കുന്നതിന് എസ്റ്റിമേറ്റ്പ്രകാരം 1,41,579/-രൂപയും കണക്കാക്കിയാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. ഓരോ അംഗൻവാടിയുടെയും ഭൗതികസാഹചര്യങ്ങൾ വ്യത്യസ്തമാണെന്നിരിക്കെ അംഗൻവാടികളുടെ വയറിംഗിന് പൊതുവായി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. കൂടാതെ ചെയ്ത പ്രവൃത്തിയുടെ അളവുകൾ പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തിയല്ല ബിൽ തയ്യാറാക്കിയിരിക്കുന്നത്. ഇക്കാരണത്താൽ ഓരോ അംഗൻവാടിയിലും ചെയ്ത പ്രവൃത്തിയുടെ വിവരങ്ങൾ രേഖകളിൽ നിന്ന് വ്യക്തമല്ല.

(2) <u>ഫിറ്റ്നസില്ലാത്ത അംഗൻവാടിയിൽ ഇലക്ട്രിഫിക്കേഷൻ ജോലികൾ നിർവഹിക്കാതെ കരാറുകാരന് തുക നൽകി.</u>

അംഗൻവാടി നം.77-ന്റെ ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തീകരിച്ചതായുള്ള പാനൽ എൻജിനീയറുടെ പൂർത്തീകരണസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. എം.ബുക്ക് നം.2/16-17-ൽ മേൽ അംഗൻവാടി ഉൾപ്പെടെ 9 അംഗൻവാടികൾ പൂർത്തീകരിച്ചതായികാണിച്ച് അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പാനൽ എഞ്ചിനീയർ ശ്രീ. സി.എം.ഷംസുദീൻ ചെക്ക്മെഷർ ചെയ്തിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസിസ്റ്റന്റ് എൻജിനീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 10/08/17-ൽ നടത്തിയ പ്രാദേശികപരിശോധനയിൽ അംഗനവാടി നം.77ൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്തിയിട്ടില്ല എന്ന് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. കൂടാതെ അസിസ്റ്റന്റ് എൻജിനീയറുടെ 16.7.16-ലെ സാക്ഷ്യപത്രംപ്രകാരം അങ്കണവാടി നം.77 ക്ലാസ്സുകൾ നടത്തുന്നതിന് യോഗ്യമല്ല എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ആയത്

പരിഗണിക്കാതെയാണ് ഇലക്ട്രിഫിക്കേഷനായി പദ്ധതിയിൽ ടി അങ്കണവാടി ഉൾപ്പെടുത്തിയതും, കരാർ നൽകി, ജോലി പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തി കരാറുകാരന് തുക നൽകിയതും.ആയത് അംഗികരിക്കുന്നില്ല.



ക്ലാസ്സുകൾ നടത്തുന്നതിന് യോഗ്യമല്ലാത്ത അങ്കണവാടി നം.77 കെട്ടിടം

(3)<u>പുനർനിർമ്മാണപ്രവൃത്തികൾ ബ്ലോക്ക്പഞ്ചായത്ത് ഏറ്റെടുത്ത അംഗൻവാടിയിൽ തൊട്ടുമുൻപായി ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടപ്പാക്കി- ചെയ്ത പ്രവൃത്തി പാഴായി</u>

അങ്കണവാടി നം.93, അസിസ്റ്റന്റ് എൻജിനീയറുടെ 16.7.16ലെ സാക്ഷ്യപത്രംപ്രകാരം ക്ലാസ്സുകൾ നടത്തുന്നതിന് യോഗ്യമല്ല എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത അങ്കണവാടിയുടെ ഇലക്ട്രിഫിക്കേഷൻ 2015-16-ൽ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കിയിരുന്നതും (SO0123/16),മേൽ പദ്ധതിപ്രകാരം വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് കെ.എസ്.ഇ.ബിയിൽ 1,900/- രൂപ 2016-17 വർഷം ഒടുക്കിയിരുന്നതുമാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസിസ്റ്റന്റ് എൻജിനീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 10/08/17-ൽ നടത്തിയ പ്രാദേശികപരിശോധനയിൽ അംഗനവാടി നം.93 കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്ന ജോലികൾ നടന്നുവരുന്നതായി ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം അസിസ്റ്റന്റ് എൻജിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തതും പൊളിച്ചുനീക്കാൻ ഉദ്ദേശിച്ചിരുന്നതുമായ അംഗൻവാടികളിൽ നടത്തിയ പ്രവൃത്തി പാഴായതായി കണക്കാക്കുന്നു. ദീർഘവീക്ഷണമില്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്തതുമൂലമാണ് മേൽ സാഹചര്യം സംജാതമായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.



അംഗനവാടി നം.93 കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നു.

കൂടാതെ അസിസ്റ്റന്റ് എൻജിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത അങ്കണവാടിയിൽ(നം.89ൽ) ഇലക്ട്രിഫിക്കേഷൻ ജോലികൾ നിർവഹിച്ചു. അസിസ്റ്റന്റ് എൻജിനീയറുടെ 16.7.16-ലെ സാക്ഷ്യപത്രംപ്രകാരം അങ്കണവാടി നം.89-ൽ ക്ലാസ്സുകൾ നടത്തുന്നതിന് യോഗ്യമല്ല എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ആയത് പരിഗണിക്കാതെ പദ്ധതിയിൽ ടി അങ്കണവാടി ഉൾപ്പെടുത്തി ഇലക്ട്രിഫിക്കേഷൻ ജോലികൾ നിർവഹിച്ചു. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.



അങ്കണവാടി നം.89-തകർന്ന മേൽക്കൂരയും വെള്ളം ഒലിച്ചിറങ്ങിയ ചുമരുകളും

പ്രവൃത്തി നിർവ്വഹണത്തിലെ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

(I) മേലില ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളായ 89,80,77,95,79,94,87,98 എന്നിവയുടെ വയറിങ്ങിനും വൈദ്യുതീകരണം പൂർത്തീകരിച്ചവയ്ക്ക് കണക്ഷൻ നൽകുന്നതിനുമാണ് പദ്ധതിപ്രകാരം തുക വകയിരുത്തിയിരുന്നത്. എന്നാൽ പദ്ധതിയിൽ ഉൾപ്പെടാത്ത അംഗൻവാടി നം.75,78 എന്നിവയുടെ വയറിംഗ് നിർവഹിക്കുകയും, പദ്ധതിയിൽ ഉൾപ്പെട്ട അങ്കണവാടി നം.94 ന്റെ വയറിംഗ് നിർവഹിച്ചിട്ടുമില്ല.

(II) അങ്കണവാടി നം.75,77,78,79 എന്നിവയുടെ വയറിംഗ് നിർവഹിക്കാനുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 10/08/17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.13-ന് മറുപടി ലഭ്യമാക്കിയില്ല. ക്രമനം 2-ൽ പ്രതിപാദിച്ചിട്ടുള്ള കാരണങ്ങളാൽ മേൽ പ്രൊജക്ടിനായി ചെലവഴിച്ച 3,44,245/-(Bill No.35/16-17/31-3-17) രൂപയുടെ വിനിയോഗം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെയ്യാത്ത പ്രവൃത്തിയ്ക്കായി (അംഗൻവാടി നം-77) ചെലവഴിച്ച തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ പൊളിച്ചുമാറ്റിയ അംഗൻവാടിയുടെ വൈദ്യുതീകരണത്തിനായി 2016-17 വർഷം ചെലവുചെയ്ത 1,900/- രൂപയുടെ വിനിയോഗം നിരാകരിക്കുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.13/9-8-17) തുക മാറിനൽകിയ സെക്രട്ടറിയുടെ അധിക ചുമതലയുണ്ടായിരുന്ന അസി. സെക്രട്ടറി എഗ്രിമെന്റ് പ്രകാരം പ്രവൃത്തിയ്ക്കായി തുക അലോട്ട് ചെയ്ത സാഹചര്യത്തിൽ ട്രഷറി ബിൽപ്രകാരം തുക മാറി നൽകുക മാത്രമാണ് ചെയ്തതെന്ന് വിശദീകരിച്ചിട്ടുണ്ട്. ഫിറ്റ്നെസില്ലാത്ത അംഗൻവാടിയുടെ ഇലക്ട്രിഫിക്കേഷനായി തുക വകയിരുത്തി പ്രോജക്ട് തയ്യാറാക്കുകയും യാതൊരു പരിശോധനയുംകൂടാതെ എഗ്രിമെന്റ് വയ്ക്കുകയും(എഗ്രിമെന്റിൽ നം,തീയതി ഇവ രേഖപ്പെടുത്തിയിട്ടില്ല) ചെയ്ത സെക്രട്ടറിയുടേയും

ചെയ്യാത്ത പ്രവൃത്തിയുടെ (അംഗൻവാടി നം-77)അളവ് തെറ്റായി രേഖപ്പെടുത്തിയ പാനൽ എഞ്ചിനീയറുടെയും നടപടി നീതികരിക്കാനാവില്ല. ആയതിനാൽ അംഗൻവാടി 77-നായി ചെലവഴിച്ച തുക ഫിറ്റ്നെസില്ലാത്ത അംഗൻവാടി വയറിംഗിനായി യാതൊരു പരിശോധനയും കൂടാതെ പ്രോജക്ടുവച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി തുകയ്ക്ക് ചെലവനുവാദം നൽകിയ സെക്രട്ടറിയിൽ നിന്നോ ചെയ്യാത്ത പ്രവൃത്തിയുടെ അളവ് തെറ്റായി രേഖപ്പെടുത്തിയ പാനൽ എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. പൊളിച്ചുമാറ്റിയ അംഗൻവാടിയ്ക്കായി പരിശോധന കൂടാതെ ഇലക്ട്രിക് കണക്ഷനായി ഡിപ്പോസിറ്റ് ചെയ്ത തുക ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 <u>തെരുവ് വിളക്ക് മെയിന്റനൻസ് - അപാകതകൾ</u>

പദ്ധതിയുടെ പേര് -തെരുവ് വിളക്ക് മെയിന്റനൻസ്

പദ്ധതി നം. SO047/17

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

2016-17 ലെ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർപ്രകാരം തെരുവുവിളക്കുകളുടെ എണ്ണം 1542 ആണ്. എന്നാൽ വിവിധ വാർഡുകളിൽ 12/16, 1/17, 2/17 മാസങ്ങളിൽ മെയിന്റനൻസ് നടത്തിയതായി കാണിച്ച് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ഇനങ്ങളിലായി 1,904 തെരുവുവിളക്കുകൾ മെയിന്റനൻസ് ചെയ്തതിന്റെ തുകയായ 1,42,800/-രൂപ (1,904x75) കരാറുകാരന് നൽകിയിട്ടുണ്ട് (ബിൽ നം.27/16-17 തീയതി.13/3/17). കൂടാതെ തെരുവുവിളക്ക് സ്ഥാപിക്കൽ(SO048/17) എന്ന പ്രോജക്ട് പ്രകാരം 350 എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടുമുണ്ട്. വാർഡ് മെമ്പർമാർ, തെരുവ് വിളക്കുകളെ സംബന്ധിച്ച് (പുതുതായി സ്ഥാപിച്ചത്, മെയിന്റനൻസ് നടത്തിയത്) നൽകുന്ന സാക്ഷ്യപത്രത്തിൽ ഇലക്ട്രിക്ക് പോസ്റ്റുകളുടെ വിവരണം നൽകിയിരിക്കുന്നത് കൃത്യമല്ല (സാക്ഷ്യപത്രത്തിൽ പുതിയ പോസ്റ്റ്/നമ്പർ ഇല്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു). പഞ്ചായത്തിലെ രേഖകൾ പ്രകാരമുള്ള കണക്കുകളും മെയിന്റനൻസ് നടത്തിയവ, പുതുതായി സ്ഥാപിച്ചവ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 10/08/17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.13ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 1,42,800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തെരുവുവിളക്കുകളുടെ എണ്ണം, തരം, പോസ്റ്റുകളുടെ കൃത്യമായ വിവരം എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കേണ്ടതും മേൽ പൊരുത്തക്കേട് സംബന്ധിച്ച് വിശദീകരണം രേഖാമൂലം ലഭ്യമാക്കേണ്ടതുമാണ്.

## 3-6 <u>വികസന ഫണ്ടിനത്തിൽ **28,13,583/-** രൂപ ചെലവഴിക്കുവാൻ അവശേഷിക്കെ ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട സ്കോളർഷിപ്പ് നൽകിയില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ തുക – 1,45,000/- രൂപ

ശാരീരികമാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (നം.14/16-17) പദ്ധതിക്ക് അർഹരായ 30 കുട്ടികൾ പഞ്ചായത്തുപരിധിയിലുണ്ട്. 16 കുട്ടികൾ ശാരീരികവെല്ലുവിളികൾ നേരിടുന്നവരും 14 പേർ മാനസികവെല്ലുവിളി നേരിടുന്നവരുമാണ്. മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രതിമാസം 1,000/- രൂപ നിരക്കിലും ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് അവർ പഠിക്കുന്ന ക്ലാസ്സിന്റെ അടിസ്ഥാനത്തിലുമാണ് സ്കോളർഷിപ്പ് നൽകേണ്ടത്. എന്നാൽ അർഹതയുള്ളതിലും കുറഞ്ഞ നിരക്കിലാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കുട്ടിയുടെപേര് | വൈകല്യം | ക്ലാസ്സ് | അനുവദിച്ച തുക | അർഹമായ തുക |
|---|---|---|---|---|
| അക്സ മേരി ബിജു | മാനസികം | | 6100 | 12000 |
| സായൂജ് | മാനസികം | | 6100 | 12000 |
| ലിവിൻ വർഗീസ് | ശാരീരികം | II VHSE | 6120 | 12000 |
| ജെറിൻ.കെ.അലക്സ് | മാനസികം | | 6100 | 12000 |
| റോഷിയജോൺ | മാനസികം | | 6100 | 12000 |
| ക്രിസ്റ്റീനസാറഷിബു | മാനസികം | | 6100 | 12000 |
| എബിൻ.എം.എ | മാനസികം | | 6100 | 12000 |
| ജൂബി | മാനസികം | | 6100 | 12000 |
| മിഖാസ് | ശാരീരികം | VII | 3080 | 6000 |
| സേതുമാധവൻ | ശാരീരികം | IX | 3680 | 7200 |
| ലയമറിയംറോജി | ശാരീരികം | I | 2480 | 4800 |
| നിഥിൻ | ശാരീരികം | I VHSE | 6120 | 12000 |
| സാം.കെ | മാനസികം | | 6100 | 12000 |
| സോനു | മാനസികം | | 6100 | 12000 |

| | | | | |
|---|---|---|---|---|
| ഹിരൺ രാജ് | ശാരീരികം | IX | 3680 | 7200 |
| ശ്രീലക്ഷ്മി | ശാരീരികം | IX | 3680 | 7200 |
| അഭിമന്യു | മാനസികം | | 6100 | 12000 |
| അഭിമന്യു | ശാരീരികം | II | 2480 | 7200 |
| സനത് | മാനസികം | | 6100 | 12000 |
| അക്സ | മാനസികം | | 6100 | 12000 |
| കെസിയ | ശാരീരികം | III | 4800 | 2480 |
| എബിൻ.എസ്.പി | മാനസികം | | 6100 | 12000 |
| റെൻസി | ശാരീരികം | VI | 3080 | 6000 |
| ബിനോയ് | മാനസികം | | 6100 | 12000 |
| സനൂപ് | ശാരീരികം | IBA | 4900 | 9600 |
| അഖില | ശാരീരികം | +2 | 3680 | 7200 |
| അനശ്വര | ശാരീരികം | V | 3080 | 6000 |
| റൂബി റെജി | ശാരീരികം | +2 | 3680 | 7200 |
| റിൻസി റെജി | ശാരീരികം | Bcom | 4900 | 9600 |
| അബിൻ അലക്സ് | ശാരീരികം | IV | 2480 | 4800 |

വികസനഫണ്ടിനത്തിൽ അനുവദിച്ച തുകയിൽ 28,13,583/- രൂപ ചെലവഴിക്കുവാൻ അവശേഷിക്കെ ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ അർഹതപ്പെട്ട നിരക്കിൽപോലും നൽകാഞ്ഞത് നീതീകരിക്കാനാവില്ല. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**3-7** <u>പദ്ധതി പ്രകാരം വകയിരുത്തിയ തുക ചെലവഴിക്കാതെ തനത് ഫണ്ടിൽനിന്നും തുക ചെലവഴിച്ചു</u>

പദ്ധതിയുടെ പേര്-പൊതു കിണറുകളും കുളങ്ങളും വൃത്തിയാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പദ്ധതി നം.SO123/17

മേലില ഗ്രാമപഞ്ചായത്തിലെ കുടിവെള്ളപ്രശ്നം നേരിടുന്നതിന്റെ ഭാഗമായി പൊതു കിണറുകളും കുളങ്ങളും ശുചീകരിച്ച് കുടിവെള്ളലഭ്യത ഉറപ്പ് വരുത്തുന്നതിനായി മേൽ പദ്ധതി തയ്യാറാക്കി 3,00,000/-രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പദ്ധതിപ്രകാരം 14,250/-രൂപ (ബിൽ നം.123/17/31/3/17) ചെലവഴിച്ചു. മേൽപദ്ധതി നടപ്പിലാക്കിവരവെ തന്നെ, പഞ്ചായത്ത് കിണർ വൃത്തിയാക്കുന്നതിന് തനത് ഫണ്ടിൽ നിന്നും ചുവടെപറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| തീയതി | വിനിയോഗം | തുക | ചെക്ക് നം |
|---|---|---|---|
| 08/02/17 | മേലില ഈസ്റ്റ് വാർഡ് പഞ്ചായത്ത് കിണർ വൃത്തിയാക്കി | 2,950 | 10943 |
| 02/03/17 | പഞ്ചായത്ത് കിണർ ക്ലീനിംഗ് | 3,000 | 110965 |

മേൽ വിഷയംസംബന്ധിച്ച് 08/08/17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.6-ന് മറുപടി ലഭ്യമാക്കിയില്ല. പൊതുകിണറുകളും കുളങ്ങളും വൃത്തിയാക്കുന്നതിന് പദ്ധതിപ്രകാരം വകയിരുത്തിയ തുകയുടെ ഭൂരിഭാഗവും ശേഷിക്കേ, പ്രസ്തുത ആവശ്യത്തിന് തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് ആസൂത്രണത്തിലെ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 പദ്ധതി പ്രകാരം ചെലവഴിച്ച തുകയെക്കാൾ അധികം തനത്ഫണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്തു

പദ്ധതിയുടെ പേര്- പദ്ധതിരൂപീകരണവും മോണിറ്ററിംഗും

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പദ്ധതി നം.SO006/17

പദ്ധതിരൂപീകരണവും മോണിറ്ററിംഗുമായി ബന്ധപ്പെട്ട് ഓഡിറ്റിന് 66,469 രൂപയുടെ ചെലവ് രേഖകളെ ഹാജരാക്കിയിട്ടുള്ളു. എന്നാൽ മേൽപദ്ധതി പ്രകാരം 1,00,000/-രൂപ (ബിൽ നം.37/16-17/31/3/17) പിൻവലിച്ച്, തനത്ഫണ്ടിൽ (ഇൻഡ്യൻ ബാങ്ക്, ചെങ്ങമനാട്, അക്കൗണ്ട് നം.50639833) 03/04/17-ൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് 08/08/17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.6-ന് മറുപടി ലഭ്യമാക്കിയില്ല.മേൽ ഇനത്തിൽ ചെലവായ തുകയ്ക്ക് ഉപരിയായി പദ്ധതിവിഹിതത്തിൽ നിന്നും പിൻവലിച്ച് തനതുഫണ്ടിൽ നിക്ഷേപിച്ച തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-9 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവുതുക തടസ്സപ്പെടുത്തുന്നു

പദ്ധതിയുടെ പേര്-പി.എം.എ.വൈ. വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പദ്ധതി നം.SO12/17

മേൽ പദ്ധതിപ്രകാരം 3,40,000/-രൂപ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക്

(ബിൽ നം.12/16-17/20/10/16) കൈമാറിയിരുന്നുവെങ്കിലും, ആയതിന് നൽകിയ വിനിയോഗസാക്ഷ്യപത്രത്തിൽ (നം.B 2348/2015 / 01/08/17) പദ്ധതിതുക അതേ ആവശ്യത്തിന് വിനിയോഗിച്ചുകൊള്ളാം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പദ്ധതി തുക പൂർണ്ണമായും വിനിയോഗിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് 08/08/17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.6-ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവുതുക 3,40,00/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു

പദ്ധതിയുടെ പേര്-മേലില ഗ്രാമപഞ്ചായത്തിലെ വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് വാട്ടർ കണക്ഷൻ ലഭ്യമാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പദ്ധതി നം.SO120/17

മേൽ പദ്ധതിപ്രകാരം വി.ഇ.ഒ.ഓഫീസ്, കൃഷിഭവൻ എന്നിവിടങ്ങളിൽ വാട്ടർകണക്ഷൻ ലഭ്യമാക്കാൻ വാട്ടർ അതോറിറ്റിക്ക് 20,500/-രൂപ (ഡി.ഡി.നം.945524258/20/01/17) നൽകിയിരുന്നുവെങ്കിലും, ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് 08/08/17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.6-ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുകയായ 20,500 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-11 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത കെട്ടിടത്തിൽ അംഗൻവാടി പ്രവർത്തിക്കുന്നു

മേലില പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ 16.7.16-ലെ സാക്ഷ്യപത്രംപ്രകാരം അങ്കണവാടി നം.89-ൽ ക്ലാസ്സുകൾ നടത്തുന്നതിന് യോഗ്യമല്ല എന്ന് റിപ്പോർട്ട് ചെയ്തിരുന്നു.എന്നാൽ ആയത് പരിഗണിക്കാതെ നിലവിലും ടി കെട്ടിടത്തിൽ തന്നെ അംഗൻവാടി പ്രവർത്തിക്കുന്നതായി 9/08/17-ൽ നടത്തിയ പ്രാദേശികപരിശോധനയിൽ ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. മേൽക്കൂരയിലെ ഓടുകൾ ഇളകിയ നിലയിലും,ഭിത്തികളിൽ ഈർപ്പം തങ്ങി നിൽക്കുന്നതുമായ പ്രസ്തുതകെട്ടിടത്തിൽ, അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ട് അവഗണിച്ചുകൊണ്ടാണ് പ്രസ്തുത അംഗൻവാടി പ്രവർത്തിക്കുന്നത്. അംഗൻവാടിയിൽ ഹാജരാകുന്ന കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ, ടി വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 പാലിയേറ്റീവ് കെയർപദ്ധതി-**3,61,480/-**രൂപയുടെ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടില്ല

പ്രോജക്ട്-പാലിയേറ്റീവ് കെയർപദ്ധതി നം.8/16-17

നിർവ്വഹണ നിർവ്വഹണ ഉദ്യോഗസ്ഥൻ –മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

അടങ്കൽ -9,00,000/-രൂപ

(വികസനഫണ്ട് 5,00,000/-രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം4,00,000/-രൂപ)

ടി പദ്ധതിയ്ക്കായി വികസനഫണ്ടിൽനിന്നും 1,63,844/-രൂപ (ബിൽ നം.5/16-17/16-03-17) പിൻവലിച്ചത് മെഡിക്കൽ ഉപകരണങ്ങൾക്കും മരുന്നിനുമായി കെ.എം.എസ്.സി.എല്ലിന് നൽകിയിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത്വിഹിതം ലഭിച്ച 4,00,000/- രൂപയിൽ 3,99,957/-രൂപ മെഡിക്കൽ ഉപകരണങ്ങൽക്കും മരുന്നിനുമായി കെ.എം.എസ്.സി.എൽ-ന് നൽകിയിട്ടുണ്ട്.

| ഇൻവോയ്സ് | ഉദ്ദേശ്യം | നൽകിയ തുക | എത്ര രൂപയുടെ ലഭിച്ചു എന്നത് | ലഭിക്കാനുള്ള മരുന്ന്/ ഉപകരണങ്ങളുടെ തുക |
|---|---|---|---|---|
| PRF.2443dt.11-02-17 | ഉപകരണങ്ങൾ | 83,844 | - | 83,844 |
| PRF.3218dt.6-03-17 | മരുന്ന് | 80,000 | - | 80,000 |
| PRF.3447dt.13-03-17 | മരുന്ന് | 2,00,000 | 61,262 | 1,38,738 |
| PRF.3500dt.14-03-17 | ഉപകരണങ്ങൾ | 1,99,957 | 1,41,059 | 58,8988 |
| ആകെ | | | | 3,61,480 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.4/16-17/08-08-17) അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 3,61,480/- രൂപയുടെ മരുന്നും മെഡിക്കൽ ഉപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്നമുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്. വിവരം അറിയിക്കുന്നതുവരെ 3,61,480/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-13 ആയുർവേദാശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ 58,325/-രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല

മേലില ആയുർവേദാശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ (പ്രോജക്ട് നം.26/17), വൃദ്ധജനങ്ങൾക്കുള്ള രോഗപ്രതിരോധചികിൽസ(പ്രോജക്ട്നം.124/17) എന്നീ പദ്ധതികൾക്കായി യഥാക്രമം മെയിന്റനൻസ് ഗ്രാന്റ് റോഡിതരം-3,00,000/-രൂപയും വികസനഫണ്ടിൽ നിന്നും 2,00,000/-രൂപയും വകയിരുത്തിയതിൽ മുഴുവൻ തുകയും നിർവഹണോദ്യോഗസ്ഥയായ സെക്രട്ടറി (ഇൻവോയ്സ് നം.145/19-10-16, ഇൻവോയ്സ് നം.514/10-03-17)ബിൽ നം.13/16-17/26-10-16, ബിൽനം.26/ 16-17/16-03-17എന്നിവ പ്രകാരം ഔഷധിക്ക് നൽകിയിട്ടുണ്ട്. മേലില ആയുർവേദാശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയിൽ 2,97,905/-രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. വൃദ്ധജനങ്ങൾക്കുള്ള രോഗപ്രതിരോധ ചികിൽസാപദ്ധതിയ്ക്കായി ചെലവഴിച്ച 2,00,000/- രൂപയിൽ 1,43,770/- രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.3/16-17/08-08-17)

ലഭിക്കുവാനുള്ള മരുന്നിനായി ഔഷധിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാകുമ്പോൾ സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്. അതുവരെ 58,325/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**3-14** കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- **3,31,250/-**രൂപയുടെ ചെലവ് തടസ്സം

പ്രോജക്ട്-കന്നുകുട്ടി പരിപാലനം

നിർവ്വഹണം-വെറ്റിനറിസർജൻ

അടങ്കൽ -18,75,000/-രൂപ

ഫണ്ട് വകയിരുത്തൽ-വികസനഫണ്ട് – 4,68,750

സംസ്ഥാനാവിഷ്കൃതം – 4,68,750

ഗുണഭോക്തൃവിഹിതം – – 9,37,500

ബിൽ നം.2/16-17/10-03-17പ്രകാരം3,31,250/-രൂപ പദ്ധതിക്ക് വേണ്ടിയുള്ള പഞ്ചായത്തുവിഹിതം പിൻവലിച്ച് കന്നുകുട്ടിപരിപാലനപദ്ധതിയുടെ കൊല്ലം ജില്ലാ അസി.ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.7/16-17 /08-08-17) സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും ലഭിക്കുന്നമുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കാമെന്നും മറുപടി അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുംവരെ 3,31,250/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**3-15** ഭവനപുനരുദ്ധാരണം-(വൃദ്ധർ)- വൃദ്ധർ ഗൃഹനാഥരല്ലാത്ത കുടുംബങ്ങൾക്കും ആനുകൂല്യം നൽകി

പ്രോജക്ട്-ഭവനപുനരുദ്ധാരണം (വൃദ്ധർ)

നിർവ്വഹണം-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ -3,75,000/-രൂപ
വികസനഫണ്ട് – 2,50,000/-രൂപ

ധനകാര്യകമ്മീഷൻ അവാർഡ് – 1,25,000/-രൂപ

ചെലവ് – 3,00,000/-രൂപ

ഭവനപുനരുദ്ധാരണം(വൃദ്ധർ) പദ്ധതിയുടെഭാഗമായി ആനുകൂല്യം ലഭിച്ചിട്ടുള്ള 3 ഗുണഭോക്താക്കളുടെ പേരിലുള്ള വീടിന്റെ പുനരുദ്ധാരണത്തിനായല്ല സബ്സിഡി നൽകിയിരിക്കുന്നത്.

| ഗുണഭോക്താവ് | വീടിന്റെ ഉടമസ്ഥൻ | റേഷൻകാർഡ് നം | അഭിപ്രായം |
|---|---|---|---|
| ശ്രീ.പദ്മനാഭൻപിള്ള | സുഭാഷ് (മകൻ) | 1208002864 | ഗുണഭോക്താവ് റേഷൻകാർഡിലെ അംഗമാണ്. |
| ശ്രീമതി.സരസ്വതിഅമ്മ | ഭദ്രാമ്മ (മരുമകൾ) | 1208000707 | ഗുണഭോക്താവ് റേഷൻകാർഡിലെ അംഗമാണ്. |
| ശ്രീമതി.റാഹേൽ | സാംകുട്ടി (മകൻ) | 1208106258 | ഗുണഭോക്താവ് റേഷൻകാർഡിലെ അംഗമാണ്. |

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന്(നം.5/16-17/08-08-17) ടി പദ്ധതിമൂലം വൃദ്ധർ കുടുംബാംഗങ്ങളായിരിക്കുന്ന വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുവാൻ സാധിച്ചുവെന്ന് അറിയിച്ചിരിക്കുന്നു. ഇപ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ യഥാർത്ഥ ഗുണഭോക്താവിന്റെ പേരിലുള്ള ആധികാരികരേഖകൾ സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 പദ്ധതി വകയിരുത്തലിൽനിന്ന് നാമമാത്ര തുകമാത്രം ചെലവഴിച്ചു

പദ്ധതിയുടെ പേര്-മേലില ഗ്രാമപഞ്ചായത്തിലെ വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതീകരണം

പദ്ധതി നം.SO119/17

മേലില ഗ്രാമപഞ്ചായത്തിലെ വിട്ടുകിട്ടിയ സ്ഥാപനങ്ങളായ മേലില, നടുക്കുന്ന്, ഇരുങ്ങൂര് വാർഡുകളിലെ സബ് സെന്ററുകളുടെ വൈദ്യുതീകരണത്തിനും, വി.ഇ.ഒ.ഓഫീസ്, കൃഷിഭവൻ എന്നിവയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി മേൽപദ്ധതിപ്രകാരം 2,02,000/-രൂപ വകയിരുത്തിയിരുന്നു. എന്നാൽ വി.ഇ.ഒ. ഓഫീസ്, കൃഷിഭവൻ എന്നിവയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി 9,400/- രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. മേലില ഗ്രാമപഞ്ചായത്തിലെ വിട്ടുകിട്ടിയ സ്ഥാപനങ്ങളായ മേലില, നടുക്കുന്ന്, ഇരുങ്ങൂര് വാർഡുകളിലെ സബ്സെന്ററുകളുടെ വൈദ്യുതീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ,തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. മേൽ വിഷയംസംബന്ധിച്ച് 08/08/17ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.6-ന് മറുപടി ലഭ്യമാക്കിയില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സാമ്പത്തികവർഷം ആവിഷ്കരിക്കുന്ന പദ്ധതികൾ, ആയതിനായി വകയിരുത്തിയ തുക പൂർണ്ണമായി വിനിയോഗിച്ച് നടപ്പിലാക്കുവാൻ അതീവശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-17 പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു

പദ്ധതിയുടെ പേര്-മേലില ഗ്രാമപഞ്ചായത്ത്ഓഫീസ് കമ്പ്യൂട്ടർവൽക്കരണം- വയറിങ്ങും നെറ്റ് വർക്കിങ്ങും

പദ്ധതി നം.SO05/16-17

മേൽ പദ്ധതിയ്ക്കായി 36,500/-രൂപ (ബിൽ നം.8/16-17/21/10/16)കരാറുകാരന്

കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ അളവ് രേഖപ്പെടുത്തി, ബിൽ തയ്യാറാക്കുകയോ, പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ല. മേൽവിഷയം സംബന്ധിച്ച് 08/08/17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.6-ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ അളവുരേഖപ്പെടുത്തി, ബിൽ തയ്യാറാക്കുകയോ, പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ചെലവുതുക 36,500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## **3-18** <u>അംഗൻവാടി നം.**92** (മണിയാംകുഴി)-മെയിന്റനൻസ്- വാങ്ങി നൽകാത്ത ഗ്യാസ് സ്റ്റൗവിന്റെ വ്യാജബിൽ ഹാജരാക്കി തുക കൈപ്പറ്റി</u>

പ്രോജക്ട് നം-121/17

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

കൺവീനർ-ശ്രീമതി.ലീല

ആകെ മൂല്യം--1,92,238/-രൂപ

ബിൽ നം-10/27.2.17

കൺവീനർ ഹാജരാക്കിയ രേഖകൾ പ്രകാരം ചെലവ്- 2,87,540/-രൂപ

ബിൽപ്രകാരം പ്രവൃത്തിയുടെ ഭാഗമായി 3,000/-രൂപ ചെലവഴിച്ച് ചോയ്സ് ഏജൻസീസ് എന്ന സ്ഥാപനത്തിൽനിന്നും ഗ്യാസ് സ്റ്റൗ വാങ്ങി നൽകിയതായി ബിൽ ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയത് അങ്കനവാടിയിൽ ലഭ്യമാക്കിയിട്ടില്ലെന്ന് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. പ്രാദേശികപരിശോധന നടത്തിയതിൽ അംഗൻവാടിയിൽ ഒരു ഗ്യാസ് സ്റ്റൗ ഉപയോഗിക്കുന്നതായി കാണുന്നു. എന്നാൽ ആയത് ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതിമുഖേന വാങ്ങി നൽകിയതാണെന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ്റ്റൗ വാങ്ങിനൽകിയതായുള്ള വ്യാജ ബില്ലുകൾ ഹാജരാക്കി കൈപ്പറ്റിയ രൂപയുടെ വിനിയോഗം ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട കൺവീനറിൽനിന്നോ സാധനം ലഭ്യമായെന്ന് ഉറപ്പുവരുത്താതെ തുക അനുവദിച്ചുനൽകിയ അസി. എഞ്ചിനീയറിൽനിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## **3-19** <u>മേലില വെസ്റ്റ് വാർഡിലെ കാരയ്ക്കോട് ഭാഗം പെരുവണ്ണൂർ ഏലാ റോഡ് പുനരുദ്ധാരണത്തിലെ അപാകത</u>

പ്രോജക്ട് നം-60/17

ബിൽ നം-4/20.1.2017—263874/-രൂപ

മെയിന്റനൻസ് ഗ്രാന്റ് (റോഡ്)- 2,67,000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തിയുടെ എസ്റ്റിമേറ്റ്പ്രകാരം അപ്പെന്റിക്സ് -എ ൽ ഒന്നാം ഇനമായി 28 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ 8.40 ക്യൂബിക് മീറ്റർ ക്വാറിമക്ക് ഫില്ലിംഗ് നടത്താനും 65 മീറ്റർ നീളത്തിൽ ഓട നിർമ്മിക്കുവാനുമാണ് ഉദ്ദേശിച്ചിരുന്നത്. അപ്പെന്റിക്സ് ബി പ്രകാരം 30 മീറ്റർ നീളത്തിൽ ഇനം 2.28.1 പ്രകാരം റോഡ് ഒരുക്കൽ നടത്തി റോഡ് കോൺക്രീറ്റിംഗ്

നടത്താനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. സൈറ്റ് പ്ലാൻപ്രകാരം നിലവിലുള്ള 10 മീറ്റർ കോൺക്രീറ്റ് റോഡിന് തുടർച്ചയായി 28 മീറ്റർ ക്വാറിമക്ക് ഫില്ലിംഗും തുടർന്ന് 30 മീറ്റർ കോൺക്രീറ്റിംഗുമാണ് ഉദ്ദേശിച്ചിരുന്നത്. സ്ഥലപരിശോധന നടത്തിയതിൽ നിലവിലുണ്ടായിരുന്ന 10 മീറ്റർ കോൺക്രീറ്റ് റോഡിന് തുടർച്ചയായി 30 മീറ്റർ കോൺക്രീറ്റ് റോഡ് നിർമ്മിച്ചുകാണുന്നു. എം.ബുക്ക് പരിശോധിച്ചതിൽ അപ്പന്റിക്സ് ഒന്നുപ്രകാരം 45 മീ. നീളത്തിൽ 13.9$m^3$ ക്വാറിമക്ക് ഫില്ലിംഗ് നടത്തിയിട്ടുണ്ട്(എസ്റ്റിമേറ്റ് 8.4$m^3$ ൽ ക്രമീകരിച്ചു). ഇതിനായി 9,496.45/-രൂപ ചെലവഴിച്ചു. കോൺക്രീറ്റിംഗ് നടത്തുന്നതിന് മുന്നോടിയായി 22 മീറ്റർ നീളത്തിൽ റോഡുരൂപീകരണത്തിന് അപ്പെന്റിക്സ് 2 ഇനം1 പ്രകാരം (ഡി.എസ്.ആർ ഇനം 2.28.1 ) 1258.31 രൂപ ചെലവ് ചെയ്തശേഷമാണ് കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത്. ക്വാറിമക്ക് ഫില്ലിംഗ് നടത്തിയിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ക്വാറിമക്ക് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയതിന് ചെലവഴിച്ച 9,496/- രൂപയുടെ വിനിയോഗം ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറി നം-12/9.8.17-ന് നൽകിയ മറുപടിയിൽ പ്രവൃത്തി നിർവ്വഹണവേളയിൽ ഊറ്റുള്ള പ്രദേശമാകയാൽ റോഡ് ഉയർത്തേണ്ടി വന്നതായും ആയത് എസ്റ്റിമേറ്റ് എടുക്കുന്നവേളയിൽ ബോധ്യപ്പെട്ടിരുന്നില്ലെന്നും എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാലതാമസംമൂലം പ്രവൃത്തി നിർവ്വഹിക്കുകയായിരുന്നുവെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ആയത് രേഖകളിൽ വ്യക്തമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ക്വാറിമക്ക് ഫില്ലിംഗിൽ അനിവാര്യത ബോദ്ധ്യപ്പെട്ടിട്ടില്ല. ആയതിനാൽ തുക ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-20 റോഡ് നിർമ്മാണ പ്രവൃത്തികൾ മെറ്റലിംഗിൽ മാത്രം ഒതുക്കി

ചുവടെ ചേർക്കുന്ന റോഡുനിർമ്മാണ പ്രവൃത്തികളിൽപ്പെടുത്തി റോഡ് മെറ്റലിംഗ് മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. മെറ്റലിംഗ്മാത്രം നടത്തിയ റോഡുകൾക്ക് പെട്ടെന്ന് തകരാറു സംഭവിക്കുന്നതാണ് . ആയതിനാൽ റോഡിന്റെ സംരക്ഷണവും ഗുണമേൻമയും ഉറപ്പുവരുത്തുന്നതിനായി തുടർവർഷത്തിൽ തന്നെ ടാറിംഗ് /കോൺക്രീറ്റിംഗ് നടത്തി റോഡ് സംരക്ഷണം ഉറപ്പുവരുത്തണ്ടതാണ്.

| പ്രവൃത്തിയുടെ പേര് | മെറ്റലിംഗിനായി ചെലവുചെയ്ത തുക | ബിൽ നം,തീയതി |
|---|---|---|
| കാരയ്ക്കാട് ഭാഗം- കമുകുംകോട് ഏലാ റോഡ് മെറ്റലിംഗ്, 59/17, | 1,54,966.08/- | 18/24.3.17—28970/-<br>27/31.3.17—6000/- |
| ചീക്കൽ ഭാഗം ആനക്കോട്ടൂർ ഏലാ റോഡ് മെറ്റലിംഗ്, | 3,46,514/- | 2/19.10.16 |

**3-21** ജലസുഭിക്ഷ പദ്ധതി-കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്ത് പദ്ധതി നടപ്പാക്കുന്നതിന് ശുഷ്കാന്തി കാണിച്ചിട്ടില്ല

സംസ്ഥാനത്തെ എല്ലാ കിണറുകളും സുസ്ഥിര ജലസമൃദ്ധ-ജലശുചിത്വ കിണറുകളാക്കി മാറ്റി ഭൂജലസമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച "ജലസുഭിക്ഷ-സമ്പൂർണ കിണർ റീചാർജ് പദ്ധതി"മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കണമെന്നും ആയതിലേയ്ക്ക് സാധനസാമഗ്രികൾ പദ്ധതിയുടെ നിലവിലുള്ള പ്രൊക്യൂർമെന്റ് സംവിധാനംവഴി വാങ്ങണമെന്നും 09.11.16ലെ സ.ഉ.(കൈ)നം.161/16 തസ്വഭവ ഉത്തരവിൽ വ്യക്തമാക്കുകയും 2016-17 ൽ ആരംഭിച്ച പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽത്തന്നെ മേലില ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തിയിരുന്നു. ഇതിൻ പ്രകാരം തയ്യാറാക്കിയ ആക്ഷൻ പ്ലാൻപ്രകാരം വളരെയധികം യൂണിറ്റ് കിണർ റീചാർജ്ജിന് ഉദ്ദേശിച്ചിരുന്നുവെങ്കിലും കേവലം ഒരു യൂണിറ്റ് മാത്രമാണ് നിർദ്ദിഷ്ട സാമ്പത്തികവർഷം നിർവ്വഹണം നടത്തിയത്. കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തിന് ഏറെ പ്രയോജനപ്രദമാകേണ്ടിയിരുന്ന മേൽപദ്ധതി നടപ്പാക്കുന്നതിനുണ്ടായ വീഴ്ചയ്ക്ക് കാരണമാരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.9/8-8-17) മറുപടി ഹാജരാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1** സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 4,00,000 | സാന്ത്വനപരിചരണം | 3,99,957 | 43 |

**4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് വാട്ടർ കണക്ഷൻ (വി.ഇ.ഒ ഓഫീസ്) | ഡി.ഡി.നം.945524258 /20-01-17 | 20,500 | 20,500 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ.നം.522/2010 തസ്വഭവ 17-02-10 | 13071000 | 1615900 | 4,00,000 | 40730 | 1215900 |
| ഭവനപദ്ധതി | 80285/DB1/13 | 4972384 | 2732384 | 5000000 | 100000 | 2232384 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1260/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | | 300 | Principal,BRM CentralSchool | 11604100243 dt.13-04-17 |
| 2016-17 | | 960 | Secretary Vettikkavala Block Coconut Processing | 11604101151 dt.28-07-17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-6 | 2006-07 | 3.11.5 | ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണം | ഓഡിറ്റ് തടസ്സം ഒഴിവാക്കി |
| 2002-03 | 3.15 | 2006-07 | 3.11.7 | വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി കെ.എസ്.ഇ.ബി ക്ക് തുക അടച്ചു വൈദ്യുതി ലഭ്യമായില്ല | ഇലക്ട്രിക് കണക്ഷൻ ലഭിച്ചു, യു.സി.ലഭിച്ചു |

## 4-8 ഓഡിറ്റ് പ്രത്യുവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,58,35,923 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,48,81,375 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14,396 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,35,100 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 1,900 | ശ്രീമതി.റ്റി.ഉഷാകുമാരിഅമ്മ, സെക്രട്ടറി |
| 3-18 | | 3,000 | ശ്രീമതി.എ.ഹസീന, അസി.എഞ്ചിനീയർ |
| 3-19 | | 9,496 | ശ്രീമതി.എ.ഹസീന, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 3,44,245 | ശ്രീമതി.റ്റി.ഉഷാകുമാരിഅമ്മ,സെക്രട്ടറി |
| 3-5 | 1,42,800 | ശ്രീമതി.റ്റി.ഉഷാകുമാരിഅമ്മ,സെക്രട്ടറി |
| 3-9 | 3,40,000 | ശ്രീമതി.റ്റി.ഉഷാകുമാരിഅമ്മ,സെക്രട്ടറി |
| 3-10 | 20,500 | ശ്രീമതി.റ്റി.ഉഷാകുമാരിഅമ്മ,സെക്രട്ടറി |
| 3-12 | 3,61,480 | ഡോ.എലിസബത്ത്,മെഡിക്കലോഫീസർ പി.എച്ച്.സി |
| 3-13 | 58,325 | ശ്രീമതി.റ്റി.ഉഷാകുമാരിഅമ്മ,സെക്രട്ടറി |
| 3-14 | 3,31,250 | ഡോ.സുരേഷ്കുമാർ,വെറ്റിനറി സർജൻ |
| 3-17 | 36,500 | ശ്രീമതി.റ്റി.ഉഷാകുമാരിഅമ്മ,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.എ.ഹസീന, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മേലില ഗ്രാമപഞ്ചായത്ത് | സഫയർ, ചന്ദനത്തോപ്പ് പി.ഒ, കേരളപുരം 691614 |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ക്യൂ.പി-3/1189/14(1)/11-06-14 |
| 1997-98 | എൽ.എഫ്.ക്യൂ.പി-3/1189/14(2)/11-06-14 |
| 1998-99 | എൽ.എഫ്.ക്യൂ.പി-3/1189/14(3)/11-06-14 |
| 1999-00 | എൽ.എഫ്.ക്യൂ.പി-3/1189/14(4)/11-06-14 |
| 2000-01 | എൽ.എഫ്.ക്യൂ.പി-3/1189/14(5)/11-06-14 |
| 2001-02 | എൽ.എഫ്.ക്യൂ.പി-3/1189/14(6)/11-06-14 |
| 2002-03 | എൽ.എഫ്.ക്യൂ.പി-3/1189/14(7)/11-06-14 |
| 2003-04 | എൽ.എഫ്.ക്യൂ.പി-3/1189/14(8)/11-06-14 |
| 2004-05 | എൽ.എഫ്.ക്യൂ.പി-3/1189/14(9)/11-06-14 |
| 2005-06 | എൽ.എഫ്.ക്യൂ.പി-3/1189/14(10)/11-06-14 |
| 2006-07 | എൽ.എഫ്.ക്യൂ.പി-3/1189/14(11)/11-06-14 |
| 2007-08 | എൽ.എഫ്.ക്യൂ.പി-3/1189/14(12)/11-06-14 |
| 2008-09 | എൽ.എഫ്.ക്യൂ.പി-3/1189/14(13)/11-06-14 |
| 2009-10 | എൽ.എഫ്.ക്യൂ.പി-3/1189/14(14)/11-06-14 |

| | |
|---|---|
| 2010-11 | എൽ.എഫ്.ക്യൂ.പി-3/1189/14(15)/11-06-14 |
| 2011-12&<br>2012-13 | എൽ.എഫ്.ക്യൂ.പി-3/2443/13/01-04-2014 |
| 2013-14&<br>2014-15 | കെ.എസ്.എ.കെ.എൽ.എം.3/822/2016/01-06-2016 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.3/1889/2016/31-01-2017 |

ഡെപ്യൂട്ടി ഡയറക്ടർ

**4-10** ഓഡിറ്റ്സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി11-1544 /17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –16/09/17

*സാക്ഷ്യപത്രം 2016-2017*

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മേലില ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മേലില ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ

സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.